"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 01-12-2021

## സർക്കുലർ നം 69

തടവുകാരുടെ ജയിൽ മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ 2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങൾ അദ്ധ്യായം അൻപത്തിയഞ്ച് ചട്ടം 787 മുതൽ 810 വരെ ഉള്ളവ പാലിക്കുന്നു എന്ന് എല്ലാ സ്ഥാപന മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്. ജയിൽ മാറ്റത്തിനായുള്ള ഓരോ അപേക്ഷയിന്മേലും 2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങൾ അദ്ധ്യായം അൻപത്തിയഞ്ച് ചട്ടം 794 പ്രകാരം കാരണം വ്യക്തമാക്കേണ്ടതാണ്. എന്തു കൊണ്ട് ടിയാൾക്ക് ജയിൽ മാറ്റം ആവശ്യമാകുന്നു എന്ന് കാര്യ കാരണസഹിതം വ്യക്തമാക്കണം. ജയിൽ മാറ്റത്തിനായി ഏതെങ്കിലും സർക്കാർ/കോടതി ഉത്തരവുകൾ ഉണ്ടോ എന്നും വ്യക്തമാക്കണം. ടി ജയിൽ മാറ്റത്തിനായുള്ള അപേക്ഷയിന്മേൽ ബന്ധപ്പെട്ട സൂപ്രണ്ടുമാർ വ്യക്തമായ ശുപാർശ രേഖപ്പെടുത്തേണ്ടതും ടി അപേക്ഷയുമായി ബന്ധപ്പെട്ട് ഉള്ള മറ്റു വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ് . ജയിലാസ്ഥാന കാര്യാലയത്തിലേക്ക് അയച്ച ഉത്തരവാകാത്ത ജയിൽ മാറ്റത്തിനായുള്ള അപേക്ഷകളിന്മേലും ഇക്കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ് .

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപന മേധാവികൾക്കും

പകർപ്പ് : TC 3 സീറ്റ്